പതിമൂന്നാം കേരളനിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4578 28.06.2013 ൽ മറുപടിക്ക്

## ചേർത്തലയിൽ കണ്ടെത്തിയ പായ്ക്കപ്പൽ

ചോദ്യം

ശ്രീ. പി.തിലോത്തമൻ

മറുപടി

ശ്രീ. കെ. സി. ജോസഫ്
(ബഹു. ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേർത്തല കടക്കരപള്ളിയിൽ കണ്ടെത്തിയ പായ്ക്കപ്പൽ പുരാവസ്തു വിഭാഗം ഏറ്റെടുത്തതിനുശേഷം ചെയ്തിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായ ചേർത്തല കടക്കരപള്ളിയിലെ പായ്ക്കപ്പലും അതിനോടു ചേർന്നുള്ള 43.06 ആർസ് സ്ഥലവും 6,29,365 രൂപ (ആറു ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി മുന്നൂറ്റി അറുപത്തിയഞ്ചു രൂപ മാത്രം ) കമ്പോള വിലയായി നൽകി ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും പുരാവസ്തുവകുപ്പ് ഏറ്റെടുത്തിട്ടുണ്ട് .പ്രസ്തുത സ്ഥലത്ത് സൈറ്റ് മ്യൂസിയം സ്ഥാപിക്കുന്നതിന് മുന്നോടിയായി ലക്നൗവിലെ N.R.L.C യിൽ നിന്നും കിഡ്കോയിൽ നിന്നും പ്രോജക്റ്റ് റിപ്പോർട്ടുകൾ ആവശ്യപ്പെടുകയുണ്ടായി .ഇതിൽ N.R.L.C യുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.സംരക്ഷിത സ്മാരകത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. |
| (ബി) | ഇനി എന്തു ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്നു പറയാമോ ; | | |
| (സി) | ഈ സ്ഥലം സർക്കാർ ഏറ്റെടുത്തുവെങ്കിലും ഈ പായ്ക്കപ്പൽ സംരക്ഷിക്കുന്നതിനോ ഇതു സംബന്ധിച്ച കൂടുതൽ പഠനങ്ങൾ നടത്തുന്നതിനോ ഇതിന്റെ പ്രാധാന്യം പുതിയ തലമുറയ്ക്ക് ബോധ്യപ്പെടുത്താൻ കഴിയുന്ന ഒരു മ്യൂസിയമാക്കുന്നതിനോ ഇനിയും തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ; | | |
| (ഡി) | പായ്ക്കപ്പൽ സംരക്ഷിക്കുന്നതിനു വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ